"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ - ചെയർമാൻ, മെമ്പർമാർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ പുനർനിയമന വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളവരുടെ നിയമന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-12) വകുപ്പ്

സ.ഉ.(സാധാ) നം.220/2025/P&ARD തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:- 1. 08. 10. 2023 ലെ സ.ഉ.(സാധാ) നം.414/2023/ഉ.ഭ.പ.വ.

2. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രജിസ്ട്രാറുടെ 04/10/2024 ലെ 301/2021/KAT/Admn നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഉത്തരവ് പ്രകാരം, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ചെയർമാൻ, മെമ്പർമാർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ പുനർനിയമനം നൽകപ്പെട്ട ശ്രീമതി. കെ. ശോഭനകുമാരി, (പേഴ്സണൽ അസിസ്റ്റന്റ്) ശ്രീ.ഉണ്ണിനാരായണൻ വി.കെ(കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്), ശ്രീ.കിഷോർ സി.വി(കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്) എന്നീ ജീവനക്കാരുടെ പുനർനിയമന കാലാവധി യഥാക്രമം 08/10/2024, 05/10/2024, 31/10/2024 തീയതികളിൽ അവസാനിക്കുന്നതിനാൽ ടി ജീവനക്കാരുടെ പ്രസ്തുത തസ്തികകളിലെ സേവനം പുനർനിയമന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിനായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രജിസ്ട്രാർ പരാമർശം 2 പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ചെയർമാൻ, മെമ്പർമാർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. കെ. ശോഭനകുമാരിയുടെ പുനർനിയമന കാലാവധി 09/10/2024 മുതൽ 08/10/2025 വരെ കെ.എസ്.ആർ പാർട്ട് III റൂൾ 100 പ്രകാരവും, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി സേവനമനുഷ്ഠിക്കുന്ന ശ്രീ.ഉണ്ണിനാരായണൻ വി കെ, ശ്രീ.കിഷോർ സി.വി എന്നിവരുടെ പുനർനിയമന കാലാവധി യഥാക്രമം 06/10/2024 മുതൽ 05/10/2025 വരെയോ

01/11/2024 മുതൽ 31/10/2025 വരെയോ അല്ലെങ്കിൽ കേരള പബ്ലിക് സർവീസ് കമ്മിഷൻ മുഖേന നിയമനം ലഭിച്ചവർ ജോലിയിൽ പ്രവേശിക്കുന്നതുവരെയോ ഏതാണോ ആദ്യം എന്ന വ്യവസ്ഥയിലും ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ( രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (നമ്പർ.2944911-വ്യയം/ബി3/345/2024/ധന. പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്,
✓വിവരവും പൊതുജന സമ്പർക്കവും (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ